(ബി)

1. പുതിയ പൊതു ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾക്ക് പ്രോത്സാഹനം
2. നിലവിലുള്ള പ്ലാന്റുകളുടെ അറ്റകുറ്റപ്പണിക്ക് സഹായം
3. വികേന്ദ്രീകൃതമായി ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ (ഗാർഹിക/സ്ഥാപന/സാമൂഹിക തലങ്ങളിൽ) സംസ്കരിക്കുന്നതിന് പ്രോത്സാഹനവും സഹായവും
4. അജൈവ മാലിന്യം തരംതിരിച്ച് പുനഃചംക്രമണത്തിനായി നൽകുന്ന പ്രവർത്തനത്തിന്റെ ഭാഗമായി അവ ശേഖരിച്ച് താൽക്കാലികമായി സൂക്ഷിക്കുന്നതിനുള്ള മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സ്ഥാപിക്കുവാൻ സഹായം.

(സി) 920 ഗ്രാമപഞ്ചായത്തുകളിൽ മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി സംസ്ഥാന പ്ലാൻ ഫണ്ടിൽനിന്നും 2735.59 ലക്ഷം രൂപയും കേന്ദ്ര സർക്കാർ ഫണ്ടായ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ)-ൽനിന്നും 839.94 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

കരാറുകാരുടെ കുടിശ്ശിക

199 (3037) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. ബി. സത്യൻ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കരാറുകാർക്ക് നൽകേണ്ട തുകയിൽ കുടിശ്ശികയുണ്ടോ ; വിശദാംശങ്ങൾ നൽകാമോ;

(ബി) തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ ബില്ലിംഗ് സിസ്റ്റം നിലവിൽ വന്നതിനുശേഷം ചെറിയ ബില്ലുകൾ പോലും ട്രഷറികളിൽ നിന്നും മാറാൻ കഴിയാതായിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) കുടിശ്ശിക തീർക്കണമെന്നാവശ്യപ്പെട്ട് കരാറുകാർ നടത്തുന്ന പ്രക്ഷോഭം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കരാറുകാരുടെ പ്രക്ഷോഭങ്ങൾ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പണിയെ എത്രത്തോളം ബാധിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കാമോ?

ഉത്തരം

(എ)-(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly